**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 247** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര വകുപ്പ് കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | **കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകൾ ഒന്നും തന്നെ നാളിതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല.** |
| (ബി) | സാമ്പത്തിക ക്രമക്കേടുകൾക്ക് പുറമെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ്, പദ്ധതി നടപ്പാക്കാനെടുത്ത സമയം എന്നിവയിലും ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകൾ ഒന്നും തന്നെ നാളിതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല.** |
| (സി) | പൊതുമേഖലയിൽ വിനോദസഞ്ചാര രംഗത്തു വേണ്ടത്ര പുരോഗതി ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുമേഖലയിൽ വിനോദ സഞ്ചാര രംഗത്ത് കേരളം ആഗോള മാതൃകയിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | വിനോദസഞ്ചാര മേഖലയിൽ നിർമ്മിച്ചിട്ടുള്ള കണ്ണാടി പാലങ്ങൾ സുരക്ഷിതമാണെന്ന് ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്തെ ഗ്ലാസ്സ് ബ്രിഡ്ജുകളുടെ സാങ്കേതിക പരിശോധനയും സുരക്ഷാ പരിശോധനയും നടത്തുന്നതിന് വിവിധ വകുപ്പുകളിലെ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി വിദഗ്ധ എൻജിനീയർമാരുടെ പാനൽ രൂപീകരിച്ച് സ.ഉ.(സാ.ധാ) നം. 598/2024/TSM തീയതി: 18.10.2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാങ്കേതിക സമിതി പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഗ്ലാസ് ബ്രിഡ്ജുകളാണ് ടൂറിസം വകുപ്പിന്റേയോ ഡി.ടി.പി.സി. കളുടേയോ പാർക്കുകളിൽ പ്രവർത്തിക്കുന്നത്. |
| (ഇ) | വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ വിജയകരമായിരുന്നോ; അവ | (ഇ) | ഫ്ലോട്ടിങ് ബ്രിഡ്ജുകൾ വിജയകരമായിരുന്നു എന്നാണ് റിപ്പോർട്ടുകൾ. സംസ്ഥാനത്തെയും ഇതര |

| | | | |
|---|---|---|---|
| | ശാസ്ത്രീയമാണോ; അവയുടെ സുരക്ഷിതത്വം എത്രമാത്രം ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | | സംസ്ഥാനങ്ങളിലെയും വിനോദസഞ്ചാരികൾ ഫ്ലോട്ടിങ് ബ്രിഡ്ജിനെ വളരെ ആവശത്തോടെയാണ് ഏറ്റെടുത്തത്. ഫ്ലോട്ടിങ് ബ്രിഡ്ജ് അതിന് അനുയോജ്യമായ ബീച്ചുകളിൽ മാത്രമേ നടപ്പിലാക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സുരക്ഷിതത്വം പരിശോധിക്കുന്നതിനായി ഗവൺമെന്റ് ഒരു ടെക്നിക്കൽ പാനലിനെ G.O(Rt.) No.598/2024/ TSM Dated: 18.10.2024 പ്രകാരം നിയോഗിച്ചിട്ടുണ്ട്. ഈ സമിതി ഫ്ളോട്ടിംഗ് ബ്രിഡ്ജുകളുടെ സുരക്ഷ പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ